# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**


---

നം: **DHS/10938/2026-ES6** തീയതി: **10-07-2026**

## <u>സർക്കുലർ</u>

വിഷയം:- ആവഡ-സ്പെഷ്യാലിറ്റി കേഡർ **31.12.2024** വരെ സേവനത്തിൽ പ്രവേശിക്കുകയും പ്രസ്തുത കാലയളവിൽ ഫോറൻസിക് മെഡിസിൻ സ്പെഷ്യാലിറ്റിയിൽ പി.ജി ഡിഗ്രി/ഡിപ്ലോമ യോഗ്യത നേടുകയും ചെയ്ത ഡോക്ടർമാരിൽ നിന്നുള്ള ഓപ്ഷൻ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1) ജി.ഒ(പി) നം.**69/2010**/ആകുവ തീയതി **17.02.2010.**

2) ജി.ഒ(പി) നം.**52/2022**/ആകുവ തീയതി **27.09.2022.**

3) സർക്കാർ കത്ത് നം. എ**2/220/2022**/ആകുവ തീയതി **19.05.2023**

4) ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ തിയതി **25.05.2026**

സ്പെഷ്യലിറ്റി കേഡർ വിഭാഗത്തിൽ **31.12.2024** വരെ സേവനത്തിൽ പ്രവേശിച്ചവരും പ്രസ്തുത കാലയളവിൽ ഫോറൻസിക് മെഡിസിൻ സ്പെഷ്യാലിറ്റിയിൽ പി.ജി ഡിഗ്രി/ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജനറൽ/അഡ്മിനിസ്ട്രേറ്റീവ് കേഡറിന് കീഴിൽ പ്രവർത്തിക്കുന്ന (സൂചന **1, 2** സ്പെഷ്യൽ റൂളിലെ നിബന്ധനകൾക്ക് വിധേയമായി) ഡോക്ടർമാരിൽ നിന്ന് ഫോറൻസിക് മെഡിസിൻ സ്പെഷ്യാലിറ്റി കേഡറിലേക്ക് ഓപ്ഷൻ ക്ഷണിക്കാൻ തീരുമാനിച്ചിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ **സൂചന (4) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചെങ്കിലും ഓപ്ഷൻ ഫോമുകൾ ഒന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ**

**പുതുക്കിയ സർക്കുലർ പുറപ്പെടുവിക്കുന്നു.**

2. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ ഓപ്ഷൻ സമർപ്പിച്ച് പ്ലേസ്മെന്റ് ലഭിക്കാത്തവർ പുതിയ ഓപ്ഷൻ സമർപ്പിക്കേണ്ടതില്ല. ഇപ്പോൾ സ്പെഷ്യാലിറ്റി കേഡറിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാരും ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

3. ഓപ്ഷൻ സമർപ്പിക്കുന്ന ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, T.C.M.C രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സർവ്വീസ് റെഗുലറൈസേഷൻ, പ്രൊബേഷൻ ഡിക്ലറേഷൻ ഉത്തരവുകളുടെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കാത്ത ഡോക്ടർമാർക്കും അവരുടെ ഓപ്ഷനുകൾ സമർപ്പിക്കാം. സൂചന 3 പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരെയും പൂർത്തീകരിച്ചിട്ടില്ലാത്തവരെയും ചേർത്ത് ഒരു പൊതു ലിസ്റ്റാണ് തയ്യാറാക്കുന്നത്.

4. 2010-ലെ കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസർമാർ) സ്പെഷ്യൽ റൂൾ 6 അനുസരിച്ച് '***ഒരിക്കൽ ഓപ്ഷൻ സമർപ്പിച്ചാൽ ആയത് അന്തിമമായിരിക്കും***'.

5. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ച ഓപ്ഷൻ ഫോമുകൾ ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി **29.07.2026-നോ അതിന് മുൻപോ** ഈ ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

Digitally signed by
Meenakshy V
Date: 10-07-2026
00:58:31

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) (ആരോഗ്യവകുപ്പ്

ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

**2.** എല്ലാ ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാർക്കും - (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

**3.** ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

**4.** ഫയൽ/കരുതൽ ഫയൽ